ഉത്തരം

(എ) 20 ഡോക്ടർമാരെ അനുവദിച്ചിട്ടുണ്ട്. അതിൽ മൂന്നുപേർ അവധിയിലാണ്. ബാക്കിയുള്ളവരുടെ സേവനം ലഭിക്കുന്നുണ്ട്.

(ബി) ഉണ്ട്.

(സി) കാഷ്വാലിറ്റിയിൽ 4 ഡോക്ടർമാരെ നിയമിച്ചിട്ടുണ്ട്. 4 പേരും ഇപ്പോൾ ജോലി ചെയ്യുന്നുണ്ട്.

(ഡി) ഉണ്ട്.

(ഇ) സാമ്പത്തിക ബുദ്ധിമുട്ടുമൂലം കൂടുതൽ ഡോക്ടർമാരെ നിയമിക്കാൻ ഇപ്പോൾ നിവൃത്തിയില്ല.

താന്നൂർ കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ

187 (1122) ശ്രീ. പി. കെ. അബ്ദുറബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലപ്പുറം ജില്ലയിലെ താന്നൂർ പ്രൈമറി ഹെൽത്ത് സെന്റർ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററാക്കി ഉയർത്തിയിട്ടും ഡോക്ടർമാരെയും പാരാ മെഡിക്കൽ സ്റ്റാഫിനെയും നിയമിക്കുന്നില്ലെന്ന പരാതി ലഭിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ ഇതിന് ആവശ്യമായ നടപടികൾ ഏതു ഘട്ടത്തിലാണ് ;

(സി) കോളറയും എലിപ്പനിയും നിരന്തരമുണ്ടാകുന്ന തീരപ്രദേശമായ ഇവിടെ ഡോക്ടർമാരെയും മറ്റു ജീവനക്കാരെയും നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ-സി) 22-2-2001 ലെ സർക്കാർ ഉത്തരവ് എം.എസ്. നമ്പർ 46/2001/ ആ.കു.വ. പ്രകാരം താന്നൂർ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ 3 അസിസ്റ്റന്റ് സർജന്മാരുടെ തസ്തിക സൃഷ്ടിച്ചിട്ടുണ്ട്.

പ്ലാക്കാട് പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ ഔട്ട് പേഷ്യന്റ് വിഭാഗം ആരംഭിക്കാൻ നടപടി

188 (1123) ശ്രീ. എഴുകോൺ നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നെടുവത്തൂർ നിയോജക മണ്ഡലത്തിലെ പ്ലാക്കാട് പ്രാഥമികാ രോഗ്യ കേന്ദ്രങ്ങളിൽ അനുവദിച്ചിട്ടുള്ള തസ്തികകളുടെ വിവരം ഇനം തിരിച്ച് വെളിപ്പെടുത്തുമോ ;

(ബി) ഇവിടെ പുതുതായി നഴ്സിംഗ് സ്റ്റാഫിന്റെയും അറ്റൻഡറുടെയും തസ്തികകൾ അനുവദിച്ചിട്ടുണ്ടോ ; എങ്കിൽ പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly